"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകി വന്ന "ഗോത്രസാരഥി പദ്ധതി" മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി "വിദ്യാവാഹിനി" എന്ന് പുനഃ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്**

സ.ഉ.(സാധാ) നം.415/2023/SCSTD 30-03-2023

പരാമർശം:-

1. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 17.01.2023 തീയതിയിലെ സി3/6200/2022 നമ്പർ കത്ത്.
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 17.02.2023 തീയതിയിലെ സി3/786/2023 നമ്പർ കത്ത്.
3. സ ഉ (സാധാ )നം .285/2023/പ ജ പ വ വി വ തീയതി: 28/02/2023

**ഉത്തരവ്**

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയാനും, അവരെ പഠനത്തിൽ ഉത്സുകരാക്കാനും വേണ്ടി വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകുന്ന "ഗോത്രസാരഥി പദ്ധതി" സർക്കാർ 2013 -14 വർഷം മുതൽ നടപ്പിലാക്കി വരുന്നു. 2020-21 അധ്യയന വർഷം മുതൽ പ്രസ്തുത പദ്ധതി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി നടപ്പാക്കുന്നതിനും, വാഹനങ്ങൾക്ക് തുക അനുവദിക്കുന്നതിനും തടസ്സം നേരിടുന്നതായും പരാമർശം (1) കത്ത് മുഖേന റിപ്പോർട്ട് ചെയ്തിരുന്നു. പദ്ധതിയുടെ പോരായ്മകൾ പരിഹരിച്ച് നടത്തിപ്പ് സുഗമമാക്കുന്നതിന് മുൻ വർഷങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും "വിദ്യാവാഹിനി" എന്ന് പുനഃ നാമകരണം ചെയ്ത് വകുപ്പ തന്നെ നേരിട്ട് നടപ്പാക്കണമെന്നും പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനായി ഓരോ സ്കൂളിനും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാവുന്നതാണെന്നും പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്യുകയും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 അധ്യയന വർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് തന്നെ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകികൊണ്ടും ടി പദ്ധതി "വിദ്യാവാഹിനി"

എന്ന് പുനഃ നാമകരണം ചെയ്തു കൊണ്ടും പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനും നടത്തിപ്പിനുമായി ഓരോ സ്കൂളിനും ചുവടെ ചേർത്തിട്ടുള്ള അംഗങ്ങളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| എ) | സ്കൂൾ ഹെഡ് മാസ്റ്റർ | കൺവീനർ |
| ബി) | സ്കൂൾ പി.ടി.എ. പ്രസിഡന്റ് | പ്രസിഡന്റ് |
| സി) | സ്ഥലത്തെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ജോയിന്റ് കൺവീനർ |
| ഡി) | സ്ഥലം ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ | അംഗം |
| ഇ) | സ്കൂളിലെ സീനിയർ അദ്ധ്യാപകൻ | അംഗം |
| എഫ്) | സ്ഥലത്തെ പട്ടികവർഗ പ്രൊമോട്ടർ/ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സോഷ്യൽ വർക്കർ /മെൻറ്റർ ടീച്ചർമാർ | അംഗങ്ങൾ |
| ജി) | പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു വിദ്യാർത്ഥിയുടെ രക്ഷാകർത്താവ് | അംഗം |

(3) ഈ പദ്ധതി പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർക്കും വാഹന ഉടമകൾക്കും കൂടി ജോലിയും വരുമാനവും നൽകുന്ന രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ പദ്ധതി നടത്തിപ്പിന് വാഹനം ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ പട്ടികവർഗ്ഗക്കാരായ വാഹന ഉടമകൾക്കും ഡ്രൈവർമാർക്കും മാത്രമേ അവസരം നൽകേണ്ടതുള്ളു.

പട്ടികവർഗ്ഗക്കാരായ യുവതീയുവാക്കൾക്ക് ഈ മേഖലയിലേക്ക് കടന്ന് വരാനുള്ള ലോൺ തുടങ്ങിയ സഹായങ്ങൾ നേടിയെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും വകുപ്പ് ഉദ്യോഗസ്ഥർ നൽകേണ്ടതാണ്. മേൽ പറഞ്ഞതിൽ നിന്ന് വിഭിന്നമായി ചെയ്യേണ്ട പക്ഷം പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർക്കും വാഹന ഉടമകളും ലഭ്യമല്ല എന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. തുടർന്ന്, എത്രയും പെട്ടെന്ന് അനുയോജ്യരായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് അവരെ ഈ പദ്ധതി നടത്തിപ്പിന് പ്രാപ്തരാക്കേണ്ടതാണ്. സ്കൂൾ വിദ്യാർത്ഥികളെ കൊണ്ട് പോകുന്ന വാഹനങ്ങൾക്കായി മോട്ടോർ വാഹന വകുപ്പ് പൊതുവായി നിർഷ്കരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. പുതുക്കിയ വിശദമായ മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(4) പദ്ധതി പ്രകാരം വാടകയ്ക്ക് എടുക്കുന്ന വാഹനം, കോൺട്രാക്ടർ/വാഹന ഉടമയുടെ പേരും

വിശദാംശങ്ങളും, വാഹനത്തിൽ സഞ്ചരിക്കുന്ന കുട്ടികളുടെ പേരും വിലാസവും, സ്കൂളിൻറ്റെ വിലാസം, ദൂരം തുടങ്ങിയ എല്ലാ വിവരങ്ങളും ഡയറക്ടറേറ്റ് തലത്തിൽ "ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ (google spreadsheet)" ഏകീകരിച്ച രൂപത്തിൽ ലഭ്യമായിരിക്കേണ്ടതാണ്. നടത്തിപ്പ് തലത്തിലെ ഉദ്യോഗസ്ഥർ ഇതിൽ ഡാറ്റ നേരിട്ട് ചേർക്കേണ്ടതാണ്.

(5) ഡയറക്ടറേറ്റ് തലത്തിലും ജില്ലാതലത്തിലും റിവ്യൂ നടത്തിയും, ഓരോ തലത്തിലും 10 ശതമാനം random-check നടത്തിയും പദ്ധതി കാര്യക്ഷമമായി നടക്കുന്നു എന്നും പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് തന്നെയാണ് പദ്ധതിയുടെ ഉപയോഗം ലഭിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

(6) പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് 2225-02-277-35-Promotion of education among ST students (പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രശാന്ത് എൻ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കോണമിക് & റവന്യൂ സെക്ടർ), കേരളം,തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി. ആർ.ഡി, ഗവ. സെക്രട്ടറിയേറ്റ്,
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Lizy Susan John
സെക്ഷൻ ഓഫീസർ
Date: 31-03-2023 11:32:13

പകർപ്പ് : ബഹു: പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ ക്ക്

പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ ക്ക്

അനുബന്ധം

സ.ഉ.(സാധാ) നം

1. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ .

2. പൊതുഗതാഗത സംവിധാനമില്ലാത്തതും ദുർഘടമായ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ, പ്രത്യേകിച്ച് വനത്തിനുള്ളിലോ വനത്തിന് സമീപത്തോ താമസിക്കുന്ന, മറ്റ് വാഹന സൗകര്യം സുഗമമായി ലഭ്യമല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമാണ് വിദ്യാവാഹിനി പദ്ധതി.

3. എൽ.പി. & യു.പി. തലത്തിൽ പഠിക്കുന്ന വിദ്യാത്ഥികളുടെ വാസസ്ഥലവും സ്കൂളും തമ്മിൽ 1 കിലോമീറ്ററിൽ കൂടുതലും, ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടേത് 2 കിലോമീറ്ററിലും കൂടുതലും, സ്കൂൾ വകയോ മറ്റേതെങ്കിലും വകയോ വാഹന സൗകര്യമില്ലെങ്കിൽ ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

4. താമസിക്കുന്ന സ്ഥലത്തിന് ഏറ്റവും സമീപത്തായി സ്ഥിതി ചെയ്യുന്ന സ്കൂൾ ഏതാണോ ആ സ്കൂളിലേക്ക് പോകുന്നതിന് മാത്രമേ പദ്ധതി നടപ്പിലാക്കാൻ പാടുള്ളു. പ്രഥമാദ്ധ്യാപകരും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും ഇത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5. "വിദ്യാവാഹിനി" പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മാത്രം നടത്തേണ്ടതും പദ്ധതി നടത്തിപ്പിൽ ഓവർലാപ്പിംഗ് ഒഴിവാക്കേണ്ടതുമാണ്. സമാനമായ സ്കീമുകൾ ജില്ലാതലത്തിലോ ബ്ലോക് തലത്തിലോ, പഞ്ചായത്ത് തലത്തിലോ പദ്ധതിയിൽ ഉൾപ്പെടുത്താൻ പരിഗണിക്കുകയാണെങ്കിൽ അതത് തലത്തിൽ വകുപ്പ് ഉദ്യോഗസ്ഥർ ഈ ഉത്തരവ് ഏവരുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

6. ഓരോ പ്രദേശങ്ങളിൽ നിന്നും സ്കൂളിൽ പോയി വരുന്ന വിദ്യാർത്ഥികളുടെ എണ്ണം അഞ്ചോ അതിൽ കുറവോ ആണെങ്കിൽ ടി വിദ്യാർത്ഥികൾക്ക് ഓട്ടോറിക്ഷയും, വിദ്യാർത്ഥികളുടെ എണ്ണം അഞ്ച് മുതൽ പത്ത് വരെ ആണെങ്കിൽ അവർക്ക് ജീപ്പും, അതിൽ കൂടുതൽ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ അനുയോജ്യവും സൗകര്യപ്രദവുമായ വാഹനം ഏർപ്പെടുത്തി നൽകേണ്ടതാണ്.

7. സ്കൂൾ ബസുകൾ (പി.ടി.എ. നടത്തുന്നത് ഉൾപ്പടെ) പ്രയോജനപ്പെടുത്തവാൻ സാധിക്കുന്ന സ്കൂളിലെ വിദ്യാർത്ഥികൾക്ക്, പൊതു വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിലുള്ള ബസ്ചാർജ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ് (എം.പി. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിരവധി സ്കൂൾ ബസുകൾ ഉള്ളത് പ്രയോജനപ്പെടുത്താവുന്നതാണ്).

8. **ഈ പദ്ധതി പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർക്കും** വാഹന **ഉടമകൾക്കും കൂടി ജോലിയും** വരുമാനവും **നൽകുന്ന രീതിയിൽ** നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നതിനാൽ പദ്ധതി നടത്തിപ്പിന് വാഹനം **ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ പട്ടികവർഗ്ഗക്കാരായ** വാഹന **ഉടമകൾക്കും ഡ്രൈവർമാർക്കും മാത്രമേ** അവസരം **നൽകേണ്ടതുള്ളൂ.** പട്ടികവർഗ്ഗക്കാരായ **യുവതീയുവാക്കൾക്ക്** ഈ **തൊഴിൽ മേഖലയിലേക്ക്** കടന്ന് **വരാനുള്ള ലോൺ തുടങ്ങിയ സഹായങ്ങൾ നേടിയെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും** വകുപ്പ് ഉദ്യോഗസ്ഥർ **നൽ കേണ്ടതാണ്.** മേൽ പറഞ്ഞതിൽ നിന്ന് വിഭിന്നമായി ചെയ്യേണ്ട പക്ഷം പട്ടികവർഗ്ഗക്കാരായ ഡ്രൈവർമാർക്കും കോൺട്രാക്ടർ/വാഹന ഉടമകളും ലഭ്യമല്ല എന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും ഇത് സാക്ഷ്യപ്പെടുത്തേണ്ടതാണ്. തുടർന്ന്, എത്രയും പെട്ടെന്ന് അനുയോജ്യരായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് അവരെ ഈ പദ്ധതി നടത്തിപ്പിന് പ്രാപ്തരാക്കേണ്ടതാണ്. സ്കൂൾ വിദ്യാർത്ഥികളെ കൊണ്ട് പോകുന്ന വാഹനങ്ങൾക്കായി മോട്ടോർ വാഹന വകുപ്പ് പൊതുവായി

നിർഷ്കരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

9. ഈ പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനും നടത്തിപ്പിനുമായി ഓരോ സ്കൂളിനും മോണിറ്ററിംഗ് കമ്മിറ്റി രൂപികരിക്കേണ്ടതാണ്.

10. സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേന പരിശോധിച്ച് ഉറപ്പ് വരുത്തി ശിപാർശ ചെയ്യുന്ന മുറയ്ക്ക് മാത്രം പദ്ധതിക്ക് അനുമതി നൽകേണ്ടതാണ്.

11. വാഹനങ്ങൾ സ്കൂൾ പ്രഥമാദ്ധ്യാപിക/ അദ്ധ്യാപകൻ ക്വട്ടേഷനുകൾ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന കോൺട്രാക്ടർ/വാഹന ഉടമകളുമായി നെഗോഷ്യയേറ്റ് ചെയ്ത് നടപ്പിലാക്കാവുന്നതാണ്. കരാറിൽ ഏർപ്പെടുന്നതിന് മുൻപായി ജില്ലയിലെ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ അധ്യയന വർഷാരംഭത്തിൽ തന്നെ ഹെഡ് മാസ്റ്റർമാർ നൽകുന്ന പ്രൊപ്പോസൽ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്.

12. പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന വാഹനങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും, വാഹനത്തിന് full insurance coverage ഉണ്ടായിരിക്കേണ്ടതുമാണ്.

13. വാഹനങ്ങളുടെ ഉടമകളുമായി വിദ്യാവാഹിനി പദ്ധതിക്കായി രൂപീകരിച്ച കമ്മിറ്റി /ഹെഡ് മാസ്റ്റർ ഒരു അധ്യയന വർഷത്തേക്ക് ധാരണാപത്രം ഒപ്പ വയ്ക്കേണ്ടതാണ്. ഏർപ്പെടുത്തുന്ന വാഹനത്തിന് ഏതെങ്കിലും കാരണത്താൽ വരാൻ സാധിക്കാത്ത പക്ഷം കരാർ ഒപ്പിട്ട വാഹന ഉടമ വിദ്യാർത്ഥികൾക്ക് യാത്ര മുടക്കം വരാത്ത വിധം ബദൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

14. പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും ഓരോ വർഷവും ഒറ്റ തവണ പ്രീമിയം അടവ് നടത്തി അപകട ഇൻഷ്വറൻസ് ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവി ലഭ്യമാക്കുന്ന ലിസ്റ്റ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ പരിശോധിച്ച് പ്രീമിയം തുക പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ സ്ഥാപനമേധാവിക്ക് അനുവദിച്ച് നൽകുന്നതാണ്.

15. തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ വാഹന ഉടമയുമായി കരാറിൽ ഏർപ്പെടേണ്ടതും സ്കൂൾ തുറക്കുമ്പോൾ മുതൽ പദ്ധതി ആരംഭിക്കേണ്ടതുമാണ്. ജൂൺ 30ന് ശേഷം പുതുതായി സ്കൂളുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതല്ല.

16. പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ പേര്, ക്ലാസ്, സ്കൂളിന്റെ പേര്, കോൺടാക്ട് നമ്പർ, ജാതി, വാർഷിക വരുമാനം, യാത്ര ചെയ്യുന്ന ദൂരം എന്നിവ ഉൾപ്പെടുന്ന വിശദ വിവരങ്ങൾ സ്ഥാപന മേധാവികൾ ഒരു എക്സൽ ഷീറ്റിൽ തയ്യാറാക്കി ഇ-മെയിൽ മുഖേന ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർക്ക് അയക്കേണ്ടതും, ആയത് ക്രോഡീകരിച്ച് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അയക്കേണ്ടതുമാണ്.

17. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് പദ്ധതിയുടെ സദുദ്ദേശത്തിനനുസൃതമായ സൗകര്യങ്ങൾ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത വിധത്തിൽ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാരുടെ അനുമതിക്ക് വിധേയമായി ഏർപ്പെടുത്തേണ്ടതാണ്.

18. പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകളോ വൈഷമ്യങ്ങളോ കാണുന്ന പക്ഷം ആയത് സുതാര്യമായും പ്രാദേശികമായും പരിഹരിക്കേണ്ടതാണ്.

19. പദ്ധതിയുടെ മേൽ നോട്ടം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ വഹിക്കേണ്ടതാണ്.

20. പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന വാഹനങ്ങളുടെ വാടക സർക്കാർ അംഗീകൃത (മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരം) നിരക്കിന് വിധേയമായിരിക്കേണ്ടതാണ്.

21. ഏതൊക്കെ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കേണ്ടത് എന്നുള്ളത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തി സ്കൂളും സങ്കേതവും തമ്മിലുള്ള ദൂരം പ്രദേശത്തിന്റെ ഘടന എന്നിവ ഉൾപ്പെടെ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

22. ബന്ധപ്പെട്ട സ്കൂൾ ഹെഡ് മാസ്റ്റർ ഓരോ മാസത്തേയും പദ്ധതി നടത്തിപ്പിന്റെ റിപ്പോർട്ടും ഹാജർ പട്ടികയും അനുബന്ധ രേഖകളും, തൊട്ടടുത്ത മാസം 10 നകം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകേണ്ടതും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ആയത് പരിശോധിച്ച് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തി നൽകുന്ന മുറക്ക് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ അർഹമായ തുക DBT സംവിധാനത്തിലൂടെ വാഹന കോൺട്രാക്ടർ/ഉടമകൾക്ക് അനുവദിച്ച് നൽകേണ്ടതുമാണ്.

23. കേന്ദ്ര സർക്കാർ/ സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ ജീവനക്കാരായ പട്ടികവർഗ്ഗക്കാരുടെ മക്കൾക്ക് വിദ്യാവാഹിനി പദ്ധതിയിൽ ഗുണഭോക്താക്കളായിരിക്കുന്നതല്ല.

24. പട്ടിക വർഗ്ഗ പ്രൊമോട്ടർ/സോഷ്യൽ വർക്കർമാർ എന്നിവർ ആഴ്ചയിൽ ഒരു ദിവസം സ്കൂളിൽ എത്തിച്ചേർന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹാജർ വിവരം ശേഖരിക്കേണ്ടതും വിദ്യാവാഹിനി പദ്ധതി പ്രകാരം വാഹന സൗകര്യം ഉണ്ടായിട്ടും സ്കൂളിൽ പഠനത്തിന് വരാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി സ്കൂളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിശദ വിവരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ അറിയിക്കേണ്ടതുമാണ്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മാസത്തിൽ ഒരു തവണ പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരെ അറിയിക്കേണ്ടതുമാണ്.

25. പദ്ധതി പ്രകാരം വാടകയ്ക്ക് എടുക്കുന്ന വാഹനം, കോൺട്രാക്ടർ/വാഹന ഉടമയുടെ പേരും വിശദാംശങ്ങളും, വാഹനത്തിൽ സഞ്ചരിക്കുന്ന കുട്ടികളുടെ പേരും വിലാസവും, സ്കൂളിന്റെ വിലാസം, ദൂരം തുടങ്ങിയ എല്ലാ വിവരങ്ങളും ഡയറക്ടറേറ്റ് തലത്തിൽ "ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ (google spreadsheet)" ഏകീകരിച്ച രൂപത്തിൽ ലഭ്യമായിരിക്കേണ്ടതാണ്. നടത്തിപ്പ് തലത്തിലെ ഉദ്യോഗസ്ഥർ ഇതിൽ ഡാറ്റ നേരിട്ട് ചേർക്കേണ്ടതാണ്. ഡയറക്ടറേറ്റ് തലത്തിലും ജില്ലാതലത്തിലും റിവ്യൂ നടത്തിയും, ഓരോ തലത്തിലും 10 ശതമാനം random-check നടത്തിയും പദ്ധതി കാര്യക്ഷമമായി നടക്കുന്നു എന്നും പട്ടികവർഗ്ഗത്തിൽ പെട്ടവർക്ക് തന്നെയാണ് പദ്ധതിയുടെ ഉപയോഗം ലഭിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

-